**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5328** **02-11-2021 - ൽ മറുപടിയ്ക്ക്**

**പാൽ ഉല്പാദന രംഗത്ത് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Smt J Chinchurani**<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ മികച്ചയിനം പശുക്കളെയും എരുമകളേയും കർഷകർക്ക് നല്കവാൻ പുതിയ പദ്ധതി ആവിഷ്കരിക്കുമോയെന്ന് അറിയിക്കാമോ; | (എ) | ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്ക് ആവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്തു തന്നെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതിക്ക് തുടക്കമിട്ടു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയപരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽ നിന്ന് ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ പദ്ധതി സഹായിക്കുന്നു. നാളിതുവരെ 4 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 68.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കിടാരികൾ പ്രസവിച്ച കറവപശുക്കൾ ആകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്. കൂടാതെ ഇതര സംസ്ഥാനങ്ങളിൽ നിന്നും എരുമകളെയും പശുക്കളെയും വാങ്ങുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു+ 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി) എന്നിവയാണ് പദ്ധതികൾ. |
| (ബി) | കുടുംബശ്രീയിലെ അയൽക്കൂട്ടങ്ങൾക്ക് ഡയറി ഫാമുകൾ ആരംഭിക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഡയറി ഫാമുകൾ ആരംഭിക്കാൻ സന്നദ്ധരാകുന്ന അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക സ്ഥിതി, ഫാം നടത്താനുള്ള സൗകര്യം, മറ്റ് അവശ്യ ഘടകങ്ങൾ എന്നിവ വിലയിരുത്തിയ ശേഷമേ ഇത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ